പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3080** 15/02/2013 ൽ മറുപടിയ്ക്ക്

## റീസർവ്വേ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റീ സർവ്വേ ഇപ്പോൾ നിലവിലുണ്ടോ ; | (എ) ഉണ്ട്. 31/10/2012 ലെ സർക്കാർ ഉത്തരവ് (എം. എസ്) 409/12/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് ഇനിയും റീസർവ്വെ നടത്തുവാനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമി മാത്രം റിസർവ്വേ ചെയ്ത് തിട്ടപ്പെടുത്തിയാൽ മതിയെന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ റീസർവ്വെ നടത്താവുന്നതാണെന്നും തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) റീ സർവ്വേ പ്രകാരം അളന്നതിൽ വന്നിട്ടുള്ള ആക്ഷേപങ്ങൾക്ക് പരാതി കൊടുത്ത് തീർപ്പാകാതെ കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് സംവിധാനം നിലവിലുണ്ടോ;<br>ഉണ്ടെങ്കിൽ കൊല്ലം ജില്ലയിൽ 20 1 1 -1 2 വർഷത്തിൽ തീർപ്പാക്കിയ കേസ്സുകൾ താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. റീസർവ്വേ സംബന്ധിച്ച് നടക്കുന്ന പരാതികൾ പരിഹരിക്കുന്നതിനായി 31/05/2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) 200/10/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും മേൽ നടപടികൾ സ്വീകരിക്കേണ്ട ചുമതല അഡീഷണൽ തഹസീൽദാരിൽ നിക്ഷിപ്തമാക്കുകയും, ജീവനക്കാരെ സർവ്വെ വകുപ്പിൽ നിന്നും വിന്യസിച്ച് ആവശ്യമായ സംവിധാനങ്ങൾ താലൂക്കടിസ്ഥാനത്തിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. |

2011 - 2012 വരെ കൊല്ലം ജില്ലയിൽ താലൂക്ക്തലത്തിൽ തീർപ്പാക്കിയ പരാതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കൊല്ലം | 3346 |
| കരുനാഗപ്പള്ളി | 2893 |
| കുന്നത്തൂർ | 2877 |
| കൊട്ടാരക്കര | 4391 |
| പത്തനാപുരം | 2574 |
| **ആകെ** | **16081** |

(സി) നിലവിൽ കൊല്ലം ജില്ലയിൽ എത്ര സർവ്വേയർമാരുടെ ഒഴിവുകൾ നിലവിലുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ എത്ര സർവ്വേയർമാരെ പി .എസ്.സി . മുഖേന നിയമിച്ചിട്ടുണ്ട്?

(സി) നിലവിൽ കൊല്ലം ജില്ലയിൽ സർവെയർമാരുടെ 2 ഒഴിവുകൾ ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ സർവെയർമാരെ പുതിയതായി നിയമിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ